SET A

SS 9101

# വാർഷിക മൂല്യനിർണയം - 2018

# സാമൂഹ്യശാസ്ത്രം

സ്റ്റാന്റേർഡ് : IX

സമയം : 2½ മണിക്കൂർ
ആകെ സ്കോർ : 80

**നിർദേശങ്ങൾ:**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശരിയായി വായിച്ചതിനുശേഷം ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം

**1 മുതൽ 4 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.**
**ഓരോന്നിനും ഒരു സ്കോർ വീതം**

**(4 x 1 = 4)**

1. ഓട്ടോമൻ സാമ്രാജ്യം ഏറ്റവും പ്രഭാവത്തിലെത്തിയത് ഏത് ഭരണാധികാരിയുടെ കാലത്തായിരുന്നു?
2. ചുവടെ തന്നിട്ടുള്ളവയിൽ ചെറിയ ശിലാമണ്ഡലഫലകം ഏതാണ്?
   എ) യുറേഷ്യൻ ഫലകം
   ബി) ആസ്ത്രേലിയൻ ഫലകം
   സി) അറേബ്യൻ ഫലകം
   ഡി) പസഫിക് ഫലകം
3. ചുവടെ തന്നിട്ടുള്ളവയിൽ ഇറ്റലിയിൽ സ്ഥാപിക്കപ്പെട്ട സർവകലാശാലയേത്?
   എ) ബൊളോണ
   ബി) അൽ-അസ്ഹർ
   സി) ഓക്സ്ഫഡ്
   ഡി) കേംബ്രിഡ്ജ്
4. ഇന്ത്യയിൽ ദേശീയവരുമാനം കണക്കാക്കുന്നതിന് ചുമതലപ്പെട്ട സർക്കാർ ഏജൻസി ഏത്?

**5 മുതൽ 11 വരെയുള്ള ചോദ്യങ്ങളിൽ 5 എണ്ണത്തിന് ഉത്തരമെഴുതുക.**
**ഓരോന്നിനും 2 സ്കോർ വീതം**

**(5 x 2 = 10)**

5. ഇന്ത്യൻ പൗരൻ എന്ന നിലയിൽ നിങ്ങൾ പാലിച്ചുപോരുന്ന ഏതെങ്കിലും രണ്ട് മൗലിക കർത്തവ്യങ്ങൾ എഴുതുക.
6. വാവുവേലികൾ ഉണ്ടാകുന്ന സാഹചര്യമേത്? ഈ വേലികളുടെ സവിശേഷതയെന്ത്?
7. മാനവവികസനം സാധ്യമാക്കുന്ന ഘടകങ്ങൾ ഏതെല്ലാം?
8. മുഗൾ ഭരണത്തിന്റെ ഏതെങ്കിലും രണ്ട് സവിശേഷതകൾ എഴുതുക.

9. മധ്യകാല കേരളത്തിൽ നിലനിന്നിരുന്ന നാടുകളും അവ ഓരോന്നുമായി ബന്ധപ്പെട്ട സ്വരൂപങ്ങളുമാണ് പട്ടികയിൽ. വിട്ടുപോയ കളങ്ങൾ പൂർത്തിയാക്കുക.

| നാടുകൾ | സ്വരൂപങ്ങൾ |
|---|---|
| കോലത്തുനാട് | കോലസ്വരൂപം |
| ഏറനാട് | .......... (എ).............. |
| ............... (ബി).............. | പെരുമ്പടപ്പ് സ്വരൂപം |

10. കനത്ത മൂടൽമഞ്ഞും നേർത്ത മൂടൽമഞ്ഞും തമ്മിലുള്ള വ്യത്യാസമെന്ത്?

11. സമ്പദ്‌വ്യവസ്ഥകളെ അടിസ്ഥാനമാക്കി ചുവടെ നൽകിയിട്ടുള്ള ചാർട്ട് പൂർത്തിയാക്കുക.




**12 മുതൽ 19 വരെയുള്ള ചോദ്യങ്ങളിൽ 6 എണ്ണത്തിന് ഉത്തരമെഴുതുക.**
**ഓരോന്നിനും 3 സ്കോർ വീതം**

**(6 x 3 = 18)**

12. വിജയനഗരസാമ്രാജ്യത്തിൽ നിലനിന്നിരുന്ന ഭരണവ്യവസ്ഥയുടെ സവിശേഷതകൾ വിശദീകരിക്കുക.

13. ഇന്ത്യയിൽ അനുഭവപ്പെടുന്ന പ്രധാന പ്രകൃതിദുരന്തങ്ങൾ ഏവ?

14. വെള്ളപ്പൊക്കം അപകടമാകാതിരിക്കാൻ സ്വീകരിക്കേണ്ട മുൻകരുതലുകൾ എന്തെല്ലാം?

15. ലഹരിപദാർത്ഥങ്ങളുടെ ഉപയോഗം സമൂഹത്തിൽ സൃഷ്ടിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് കുറിപ്പെഴുതുക.

16. ചരിവു കൂടിയ ഭൂപ്രദേശങ്ങളിൽ സ്വീകരിക്കാവുന്ന ശാസ്ത്രീയമായ ഭൂവിനിയോഗരീതികൾ എന്തെല്ലാം?

17. മധ്യകാല ഇന്ത്യയിൽ കച്ചവടപുരോഗതിക്കായി ഭരണാധികാരികൾ കൈക്കൊണ്ട വിവിധ നടപടികൾ വിശദീകരിക്കുക.

18. വീരശൈവ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കി ചുവടെ കൊടുത്തിട്ടുള്ള ചാർട്ട് പൂർത്തിയാക്കുക.




19. മിശ്രസമ്പദ്‌വ്യവസ്ഥയുടെ ഏതെങ്കിലും മൂന്ന് സവിശേഷതകൾ എഴുതുക.

**(20 മുതൽ 30 വരെയുള്ള ചോദ്യങ്ങളിൽ 9 എണ്ണത്തിന് ഉത്തരമെഴുതുക.**
**ഓരോന്നിനും 4 സ്കോർ വീതം)**

**(9 x 4 = 36)**

20. നദികളുടെ ഉപരിഘട്ടത്തിൽ കാണാൻ കഴിയുന്ന സവിശേഷതകൾ എന്തെല്ലാം?

21. എ കോളത്തിലുള്ളവയ്ക്ക് അനുയോജ്യമായി ബി കോളത്തിലുള്ളവയെ ക്രമപ്പെടുത്തി എഴുതുക.

| എ | ബി |
|---|---|
| കൽഹണൻ | കവിരാജമാർഗം |
| സൂർദാസ് | രാമചരിതമാനസ് |
| തുളസീദാസ് | സൂർസാഗർ |
| അമോഘവർഷൻ | രാജതരംഗിണി |

22. മധ്യകാലത്ത് കേരളത്തിൽ നിലനിന്നിരുന്ന തൊഴിൽക്കൂട്ടങ്ങളെക്കുറിച്ച് കുറിപ്പെഴുതുക.

23. കുടിയേറ്റത്തിന്റെ ഏതെങ്കിലും നാല് ഫലങ്ങൾ എഴുതുക.

24. കേവല ഭൂരിപക്ഷവ്യവസ്ഥ, ആനുപാതിക പ്രാതിനിധ്യവ്യവസ്ഥ എന്നിവ തമ്മിലുള്ള വ്യത്യാസങ്ങൾ വ്യക്തമാക്കുക.

25. ഉദാരവൽക്കരണ നടപടികളുടെ ഫലമായി ഇന്ത്യയിൽ വന്ന മാറ്റങ്ങൾ വിശദമാക്കുക.

26. നമ്മുടെ നാട്ടിൽ വൃദ്ധസദനങ്ങളുടെ എണ്ണം വർദ്ധിച്ചുവരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. ഇതിന് ഇടയാക്കുന്ന സാഹചര്യങ്ങൾ വിശകലനം ചെയ്തു കുറിപ്പെഴുതുക.

27. ലോകവ്യാപാരസംഘടനയിലൂടെ രൂപപ്പെട്ട സ്വതന്ത്രവ്യാപാരക്കരാറുകളിലെ പ്രധാന നിർദ്ദേശങ്ങൾ വ്യക്തമാക്കുക.

28. കൗമാര കുറ്റകൃത്യങ്ങൾ ഉണ്ടാകാനുള്ള സാഹചര്യങ്ങൾ എന്തെല്ലാമാണ്?

29. ഭൂകമ്പസമയത്ത് അനുവർത്തിക്കേണ്ട നടപടികൾ വിശദമാക്കുക.

30. സമുദ്ര ജലപ്രവാഹങ്ങളെ അടിസ്ഥാനമാക്കി പട്ടിക പൂർത്തിയാക്കുക.

| സമുദ്രജലപ്രവാഹം | സമുദ്രം | ഉഷ്ണജലം / ശീതജലം |
|---|---|---|
| അഗുൽഹാസ് പ്രവാഹം | ഇന്ത്യൻ സമുദ്രം | .............(എ).............. |
| ഹംബോൾട്ട് പ്രവാഹം | .............(ബി).............. | ശീതജലപ്രവാഹം |
| കുറോഷിയോ പ്രവാഹം | പസഫിക് സമുദ്രം | .............(സി).............. |
| കാനറീസ് പ്രവാഹം | .............(ഡി).............. | ശീതജലപ്രവാഹം |

**31 മുതൽ 33 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക.**
**ഓരോന്നിനും 6 സ്കോർ വീതം**

**(2 x 6 = 12)**

31. മലയാളഭാഷയുടെ വളർച്ചയിൽ മധ്യകാല സാഹിത്യകൃതികൾ വഹിച്ച പങ്ക് വിശദമാക്കുക.

32. മധ്യകാല കേരളത്തിൽ നിലനിന്നിരുന്ന വിവിധതരം കച്ചവടങ്ങളെക്കുറിച്ച് വിശദമാക്കുക.

33. ആഗോളവൽക്കരണത്തിന് അനുകൂലവും പ്രതികൂലവുമായ വാദഗതികൾ നിലനിൽക്കുന്നു. അവ എന്തെല്ലാമെന്ന് വിശദീകരിക്കുക.